ശ്രീ. ഇ. പി. പൌലോസ്: മാർക്കറ്റിലെ കൃഷിയുടെ ഉപയോഗത്തിനു് കാട്ടിൽനിന്നു് പച്ചിലകൾ ശേഖരിക്കുന്നതിനു് ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിൽനിന്നും അനുവാദം നിഷേധിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. കെ. എം. കോര: ഈ പറഞ്ഞതു് അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെൻറിനേയോ ആ മന്ത്രിയേയോ അറിയിച്ചാൽ അതിനു് പരിഹാരമുണ്ടാകും.

ശ്രീ. ഇ. പി. പൌലോസ്: അങ്ങനെ എത്ര ഫർജ്ജികൾ നിഷേധിച്ചിട്ടുണ്ടെന്നു് ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിൽ അന്വേഷിച്ചു് അതിനു് പരിഹാരമുണ്ടാക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. എം. കോര: അന്വേഷിക്കാം.

ല�ൈസൻസു്

*൨൯. (൪൧) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസു് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ബീഡി സംബന്ധിച്ചു് ലൈസൻസു ഫീസുവകയിൽ എത്ര രൂപാ ലൈസൻസികൾക്കു് തിരിച്ചു കൊടുക്കേണ്ടതായിട്ടുണ്ടു്;

(ബി) ഈ സംഖ്യ ലൈസൻസികൾക്കു് തിരിച്ചു കിട്ടാൻ അവകാശപ്പെട്ടിട്ടുള്ളതു് എപ്പോൾ മുതൽക്കാണു്?

പൊതുമരാമത്തു വകുപ്പു മന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) ഒന്നും കൊടുക്കേണ്ടതായിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

ശ്രീ. പി. നാണു: ഈ ലൈസൻസുകൾ ഗവൺമെൻറു് കൊടുത്തിരുന്നില്ലെന്നാണോ പറഞ്ഞതു്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഈ ഗവൺമെൻറിൽനിന്നു കൊടുക്കുവാനായിട്ടൊന്നുമില്ല. സെൻട്രൽ ഗവൺമെൻറു് എക്സൈസു് അധികാരികൾ ബീഡി ഉണ്ടാക്കുന്നതിനു് ലൈസൻസ്ഫീസു് പിരിച്ചിരുന്നു. പിന്നിടു് സെൻട്രൽ എക്സൈസുകാർ ആ ലൈസൻസ് സിസ്റ്റം റദ്ദു ചെയ്തു. ആദ്യം ലൈസൻസു് സിസ്റ്റം അനുസരിച്ചു് ഫീസു് അടച്ചിട്ടുള്ളവരുടെ പണം സെൻട്രൽ എക്സൈസിൽനിന്നു് ഇതേവരെ കൊടുത്തിട്ടില്ല. ഈ ഗവൺമെൻറിനു് അതിൽ ചുമതല ഒന്നും ഇല്ല.

ശ്രീ. പി. നാണു: ഈ ഗവൺമെൻറിനു് ഇതിൽ ചുമതല ഒന്നും ഇല്ലന്നാണോ പറയുന്നതു്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഈ ഗവൺമെൻറിനു് അതിൽ ചുമതലയില്ല.

ശ്രീ. പി. നാണു: എതു് ട്രഷറിയിലാണു് ഈ പണം അടച്ചിരിക്കുന്നതു്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അതു് ഇവിടത്തെ ട്രെഷറിയിലാണു്.

കുടിപാർപ്പിനു് സ്ഥലം

*൩൰. (൪൨) ശ്രീ. സി. സി. പ്രസാദു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കുടിപാർപ്പിനു സ്ഥലമില്ലാത്ത പട്ടികജാതിക്കാർക്കുവേണ്ടി തിരുവല്ലാ താലൂക്കിൽ പലിയക്കര മറിയിൽ സർവ്വേ നമ്പർ-ൽ ൧൦ തോട്ടപ്പറ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മ്പോക്കു് അവിടത്തെ കൈവശക്കാരായ പട്ടികജാതിക്കാക്കു് കൊടുക്കണമെന്നും മറ്റുമുള്ള അപേക്ഷകൾ ഗവണ്മെൻറിനു് കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ.—

(ബി) മേൽ വിവരിച്ചതായ സർവ്വേ നമ്പർ—ൽ ഏ ഠ, നു ഏ സെൻറ് വിസ്തീർണ്ണമുള്ളതായ ഈ സ്ഥലത്തിനു് പട്ടികജാതിയിൽപ്പെട്ട പലരുടെ അപേക്ഷകളുണ്ടായിരുന്നിട്ടു് അവരിൽ ഒരാൾക്കു് നു സെൻറ് കൊടുക്കുകയും ബാക്കിയുള്ളവർക്കു് കൊടുക്കാതിരിക്കുകയും ചെയ്തതിനു് പ്രത്യേക വല്ല കാരണങ്ങളുമുണ്ടോ; ഉണ്ടെങ്കിലെന്തു്;

(സി) ഈ കാരണങ്ങളെ വിശദീകരിച്ചുകൊണ്ടു് പ്രസ്തുത സ്ഥലത്തു താമസക്കാർക്കുവേണ്ടി അഖിലതിരുവിതാംകൂർ ഹിന്തു സാംബവർ മഹാസഭയിൽനിന്നു് അധികാരസ്ഥാനങ്ങളിൽ മെമ്മോറിയൽ മുതലായവ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെപ്പറ്റി എന്തു നടപടി എടുത്തുവെന്നു പറയുവാൻ ദയവുണ്ടാകുമോ?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ഉണ്ടു്.

(ബി) & (സി) തിരുവല്ലാ പകുതിയിൽ പാലിയക്കര മുറിയിൽ സർവ്വേ നമ്പർ—ൽ ഏ ഠ, നു സെൻറ് സ്ഥലം പിന്നോക്ക സമുദായത്തിൽപെട്ട വരും കൈവശാനുഭവക്കാരുമായ കണ്ടൻ കുഞ്ഞനേറയും അയാളുടെ ഭാര്യയായ മാണി കോതയുടേയും പേരിൽ ഏഠ വർഷത്തേയ്ക്കു് കുത്തകപാട്ടത്തിനു് കൊടുത്തിട്ടുണ്ടു്.

ശ്രീ. സി. സി. പ്രസാദു്: മറ്റു സ്ഥലങ്ങൾ ആർക്കും കൊടുക്കാതിരുന്നതിനു് കാരണമെന്താണു്?

ശ്രീ. എൽ. എം. പൈലി: മറ്റുള്ള സ്ഥലങ്ങൾ അങ്ങനെ കൊടുക്കുവാൻ നിവൃത്തിയില്ലാത്ത സ്ഥിതിയിലായിരുന്നു.

ശ്രീ. സി. സി. പ്രസാദു്: കൊടുക്കുവാൻ വയ്യാത്തവിധത്തിലുള്ള തടസ്ഥം എന്തായിരുന്നു?

ശ്രീ. എൽ. എം. പൈലി: പല കാരണങ്ങളും ഉണ്ടായിരുന്നു. ചിലതു് നിലമായിരുന്നു. അപേക്ഷകന്മാരിൽ ഈ കക്ഷികൾ ആ സ്ഥലം കൈവശം വച്ചിരുന്നതുകൊണ്ടു് അതു് അവർക്കു് കൊടുത്തു.

സാംബവർ മഹാസഭയിൽനിന്നും മെമ്മോറിയൽ

*൨൯൩. (൪൩) ശ്രീ. സി. സി. പ്രസാദു്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

അമ്പലപ്പുഴതാലൂക്കിൽ തകഴി പകുതിയിൽ സർവ്വേ ഏവ—ൽ ൾ, ഏ൫ ൦—ൽ ൨ എന്നീ നമ്പരുകളിൽപ്പെട്ട വസ്തുക്കളെ സംബന്ധിച്ചു് സാംബവർ മഹാസഭയിൽനിന്നും മെമ്മോറിയൽ ഗവണ്മെൻറിനു് കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): മെമ്മോറിയൽ കിട്ടിയില്ല. റസല്യൂഷൻ കിട്ടിയിട്ടുണ്ടു്. റസല്യൂഷനിൽ സർവ്വേ ഏ൫ ൦—നു-ൽ ഒരു കാമൺ ബിൽഡിംഗ് ഉണ്ടാക്കുന്നതിനു് വേണ്ടതു ചെയ്യണമെന്നു് ആവശ്യപ്പെട്ടിരുന്നു. അതിൽ എന്താണു് ചെയ്യേണ്ടതെന്ന അഭിപ്രായത്തിനു് അതു് പിന്നോക്കസമുദായോന്നമന കമ്മീഷണർക്കു് അയച്ചിട്ടുണ്ടു്.